**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 790** — **05.02.2020-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ ജോലി ഉറപ്പാക്കുന്ന പദ്ധതി

**ചോദ്യം**
**ശ്രീ.കെ.സി.ജോസഫ്**

**മറുപടി**
**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ ജോലി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇതിനകം ഈ പദ്ധതി നടപ്പിലാക്കിയത്; ഇതിലൂടെ എത്ര പേർക്ക് നിയമനം നൽകി; വിശദമാക്കുമോ; | എ) & ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി വരുന്നുണ്ട്. പോലീസ്, എക്സൈസ് വകുപ്പുകളിലേക്ക് നിയമനം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 100 പേർക്ക് ഇതിലൂടെ സ്ഥിരനിയമനം ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് വകുപ്പിൽ 125 പേരെ കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടി ഇതര വകുപ്പുകളിൽക്കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | | |
| സി) | പട്ടികവർഗ്ഗ കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ ഒരംഗത്തിനെങ്കിലും തൊഴിൽ നൽകുമെന്ന നയപ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ; | സി) | സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 5076 പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| ഡി) | ഉയർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് പരിശീലനം നൽകുന്നതിനും അവർക്ക് | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം "ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക" എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത |

| | | | |
|---|---|---|---|
| | സ്ഥിരവരുമാനമുള്ള തൊഴിൽ നേടുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടികൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാനപങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.<br><br>വിവിധ മേഖലയിൽ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ വിദേശ തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. ഇതിനോടകം 6781 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റ് ഉറപ്പ വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 2019-20 വർഷം 3075 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലന പരിപാടികൾ ആരംഭിച്ചതിൽ 1725 പേർക്ക് പരിശീലനം പൂർത്തീകരണ ഘട്ടത്തിലാണ്.<br><br>മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവ.ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു. |

**സെക്ഷൻ ഓഫീസർ**